**“CORRUPTION, A CRIME AGAINST NATION”**

വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ
തിരുവനന്തപുരം. 695033
E-mail:vig.vacb@kerala.gov.in
ഫോൺ നം. 0471-2305393
തീയതി. 10.03.2025

# വിജിലൻസ് ആസ്ഥാനത്തെ അന്തർദേശീയ വനിതാ ദിനാഘോഷം ബഹു:ആരോഗ്യ വനിതാ ശിശു വികസന വകുപ്പ് മന്ത്രി ശ്രീമതി.വീണാ ജോർജ്ജ് ഉത്ഘാടനം ചെയ്തു.

വിജിലൻസ് ആസ്ഥാനത്തെ അന്തർ ദേശീയ വനിതാ ദിന സമ്മേളനത്തിൻറെ ഉത്ഘാടനം ബഹു:ആരോഗ്യ വനിതാ ശിശു വികസന വകുപ്പ് മന്ത്രി ശ്രീമതി.വീണാ ജോർജ്ജ് ഉത്ഘാടനം ചെയ്തു. തുല്യതയും സാമൂഹ്യനീതിയും ഉറപ്പുവരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുക എന്നുള്ളതായിരിക്കണം 2025 അന്തർ ദേശീയ വനിതാ ദിനത്തിന്റെ സന്ദേശം എന്ന് ബഹു ആരോഗ്യ വനിതാ ശിശു വികസന വകുപ്പ് മന്ത്രി പറയുകയുണ്ടായി. ആദ്യ മന്ത്രിസഭയുടെ കാലം മുതൽ തന്നെ കേരളം നടപ്പിലാക്കിയിട്ടുള്ള സാർവത്രിക വിദ്യാഭ്യാസം, പെൺപള്ളിക്കൂടങ്ങൾ, ഭൂപരിഷ്കരണം മുതലായ വിപ്ലവകരമായ തീരുമാനങ്ങളും നിയമ നിർമ്മാണങ്ങളുമാണ് കേരളത്തെ ഇന്ന് കാണുന്ന നിലയിലുള്ള സ്ത്രീ ശാക്തീകരണത്തിൽ എത്തിച്ചതെന്നും മന്ത്രി പറഞ്ഞു. പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ മേഖലകളിൽ സ്ത്രീ പ്രതിനിധ്യം

വർദ്ധിച്ചിട്ടുണ്ടെങ്കിലും തൊഴിൽ മേഖല വരുമ്പോൾ അതുണ്ടാകുന്നില്ല എന്നത് സാമൂഹിക യാഥാർത്ഥ്യമായി ഇന്നും തുടരുന്നതായും, തൊഴിൽ മേഖലകളിൽ നിന്നും തൊഴിലിടങ്ങളിൽ നിന്നും സ്ത്രീ പ്രാതിനിധ്യത്തെ മാറ്റിനിർത്തുന്ന സാമൂഹികവും കുടുംബപരവുമായ കാരണങ്ങൾ ഇന്നും നിലനിൽക്കുന്നുവെന്നും, സർക്കാർ മേഖലയെ അപേക്ഷിച്ച് സ്വകാര്യ മേഖലകളിൽ നിന്നും സ്ത്രീകൾ കൊഴിഞ്ഞുപോകുന്ന പ്രത്യേക സാഹചര്യവും ഇന്ന് കേരളത്തിൽ കാണാൻ കഴിയും എന്നും മന്ത്രി അഭിപ്രായപ്പെട്ടു.

വിജിലൻസ് ഡയറക്ടർ ശ്രീ.യോഗേഷ് ഗുപ്ത ഐ പി എസ് മുഖ്യ പ്രഭാഷണം നടത്തി. സ്ത്രീകൾ സന്തുഷ്ടരാണെങ്കിൽ ലോകം സന്തോഷകരമായിരിക്കും എന്ന് അദ്ദേഹം പറഞ്ഞു. തൊഴിലിടങ്ങളിൽ പുരുഷന്മാർ സ്ത്രീകളെ ബഹുമാനിക്കുകയും മാന്യമായി പെരുമാറുകയും ജോലി ചെയ്യാൻ സഹായിക്കുന്ന തരത്തിൽ സമാധാനപരമായ സാഹചര്യം ഒരുക്കി കൊടുക്കുകയും ചെയ്യേണ്ടതാണെന്നും, സ്ത്രീകളെ സംരക്ഷിക്കുവാൻ രാജ്യത്ത് നിരവധി നിയമങ്ങളും നടപടികളും ഉണ്ടെങ്കിലും സ്ത്രീകളോടുള്ള സമൂഹത്തിന്റെ സമീപനം മാറുകയും സമൂഹത്തിന്റെ വളർച്ചയിൽ അവർ വഹിക്കുന്ന വിലപ്പെട്ട പങ്ക് അംഗീകരിക്കപ്പെടുകയും ചെയ്യുമ്പോഴാണ് യഥാർത്ഥ സ്ത്രീശാക്തീകരണം സാധ്യമാകുന്നതെന്നും വിജിലൻസ് ഡയറക്ടർ അഭിപ്രായപ്പെട്ടു.

വിജിലൻസ് ഇന്റലിജൻസ് എസ് പി ശ്രീ. ഇ എസ് ബിജുമോൻ സ്വാഗതം ആശംസിച്ച ചടങ്ങിൽ വിജിലൻസ് ആസ്ഥാനത്തെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ശ്രീമതി.മിനി വി എസ് അധ്യക്ഷം വഹിച്ചു. വിജിലൻസ് ഹെഡ് ക്വാർട്ടർ എസ് പി ശ്രീ.ജ്യോതിഷ്കുമാർ ഐ പി എസ് ആശംസകൾ അർപ്പിക്കുകയും, വിജിലൻസ് ആസ്ഥാനത്തെ സീനിയർ സൂപ്രണ്ട് ശ്രീമതി രാധിക ജെ നന്ദി പ്രകാശനം നടത്തുകയും ചെയ്തു.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്ട്സ്ആപ്പ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. യോഗേഷ് ഗുപ്ത ഐ.പി.എസ് അഭ്യർത്ഥിച്ചു.